# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3812

## 21.06.2019 - ലെ മറുപടിയ്ക്ക്

ഇ-ലെഡ്ജർ/ഇ-ലാംസിൽ പോസ്റ്റ് ചെയ്ത തുക

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ഇ.കെ.വിജയൻ | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ഒരു സാമ്പത്തികവർഷത്തേക്ക് അനുവദിച്ച തുകയിൽ ഇ- ലെഡ്ജർ/ഇ-ലാംസിലേയ്ക്ക് പോസ്റ്റ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുകകൾ ഇ-ലാംസിൽ മാറ്റുന്നതിന്റെ കാരണം വിശദമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 23/01/2015 - ലെ GO(P) 48/2015/ധന ഉത്തരവിലെ ഖണ്ഡിക 3 ലെ കാറ്റഗറി 3 പ്രകാരം, നടപടിക്രമങ്ങളിലെ കാല താമസം മൂലം, ഒരു സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം സെപ്റ്റംബർ 30 നകം വിജയകരമായി വിനിയോഗിക്കുമെന്നുറപ്പുള്ള ടി തുകയാണ് ഇ - ലാംസിലേക്ക്/ഇ - ലെഡ്ജറിലേക്ക് മാറ്റുന്നത്. |
| (ബി) | 2017-2018 കാലയളവിൽ നാദാപുരം കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ ഫണ്ട് ഇ-ലാംസിൽ പോസ്റ്റ് ചെയ്തത് സംബന്ധിച്ച 581/18 നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ; | 22.01.2018 ലെ സ.ഉ.(സാധാ)നം.170/18/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നാദാപുരം സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ പ്രവൃത്തിക്കായി 165 ലക്ഷം രൂപ 2202-03-103-68(01)-CQIP എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഉത്തരവായിരുന്നു. ടി തുക e-LAMS ൽ നിക്ഷേപിക്കുന്നതിനുള്ള ഭരണ വകുപ്പിന്റെ ആവശ്യ പ്രകാരം 162/2018 പ്രകാരം e-Lams ൽ രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ, e-Lams ൽ പോസ്റ്റു ചെയ്ത തുക റീലിസ് ചെയ്യുന്നതിനു പകരം മേൽ സൂചിപ്പിച്ച പ്രവൃത്തിക്കായി 165 ലക്ഷം രൂപ അധിക ധനാനുമതി മുഖേന അനുവദിക്കുന്നതിന് ഭരണ വകുപ്പ് ശിപാർശ സമർപ്പിക്കുകയും ടി ശിപാർശയിന്മേൽ, 2018-19 സാമ്പത്തിക വർഷം 4202-01-203-75 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ ലഭ്യമായിരുന്ന 3.50 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണ വകുപ്പിനെ അറിയിച്ചു. എന്നാൽ, വിവിധ ആവശ്യങ്ങൾക്കായി ടി ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ നാദാപുരം സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ പ്രവൃത്തിക്കാവശ്യമായ 165 ലക്ഷം രൂപ ടി ശീർഷകത്തിൽ നിന്നും കണ്ടെത്താൻ കഴിയില്ല എന്ന് ഭരണ വകുപ്പ് അറിയിച്ചതിനെ തുടർന്ന് 12.11.18 ലെ സ.ഉ (സാധാ) നം.9355/18/ധന നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ പൊതുമരാമത്ത് വകുപ്പു മുഖേനയല്ലാതെ മറ്റ് ഏജൻസികൾ മുഖാന്തിരം നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തികളുടെ ചെലവ് വകയിരുത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ നിയന്ത്രണത്തിൽ 4202-01-203 University and Higher Education-73 works assigned to other agencies എന്ന ശീർഷകം ആരംഭിക്കുകയും 12.-11-18- ലെ സ.ഉ(സാധാ) നം. |

| | | |
|---|---|---|
| | | 9357/18/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നാദാപുരം സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ പ്രവർത്തിക്കാവശ്യമായ 165 ലക്ഷം രൂപ അധിക തുകയായി അനുവദിക്കുകയും ചെയ്തു. |
| (സി) | പ്രിൻസിപ്പാളിന്റെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിൽ തുക നല്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവായിട്ടും തുക നൽകാൻ വെയ്സ് ആൻറ് മീൻസ് വിസമ്മതിക്കുന്നതിന്റെ കാരണം വിശദമാക്കാമോ? | നാദാപുരം ഗവ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ 165 ലക്ഷം രൂപ 4202-01-203-73 PV എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് കോളേജ് പ്രിൻസിപ്പാളിന്റെ പേരിലുള്ള PSTSB അക്കൗണ്ടിലേക്ക് മാറി നൽകുവാനാണ് 581/2019 നമ്പർ ഡോക്കറ്റ് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ധനകാര്യ(W&M) വകുപ്പിന് ലഭ്യമാക്കിയത്. എന്നാൽ 16-06-2018 ലെ സർക്കുലർ 53/2018/ധന ഖണ്ഡിക 6 പ്രകാരം വകുപ്പുതല ഉദ്യോഗസ്ഥർ പദ്ധതി വിനിയോഗത്തിനായി PSTSB അക്കൗണ്ടിലേക്ക് തുക മാറി നിക്ഷേപിക്കാൻ പാടില്ലെന്നും അലോട്ട്മെന്റ് സിസ്റ്റം മുഖേന സഞ്ചിത നിധിയിൽ നിന്നും നേരിട്ട് ഗുണഭോക്താവിന് തുക നൽകണമെന്നും നിർദ്ദേശിച്ചിട്ടുള്ളതിന്റെ വെളിച്ചത്തിൽ തുക മാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡി.ഡി.ഒ-യ്ക്ക് നിർദ്ദേശം നല്കുകയാണുണ്ടായത്. അല്ലാതെ മേൽ നിർമ്മാണ പ്രവർത്തനത്തിന്റെ തുക മാറി നല്കാനാവില്ലായെന്ന നിലപാട് ധനകാര്യ(വെയ്സ് & മീൻസ്) വകുപ്പ് സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**